# ലാന്റ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

( ഹാജർ: ശ്രീ.റ്റി.ഒ.സൂരജ് ഐ.എ.എസ് )

**എൽ.ആർ. (റ്റി )3-5050/09** **തീയതി : 19-11-12**

വിഷയം :- ജീവനക്കാര്യം - ലാന്റ് റവന്യൂ വകുപ്പ് - 01.07.2004 മുതൽ 31.12.2008 വരെയുള്ള കാലയളവിലെ യു.ഡി.സി/എസ്.വി.ഒ ഒഴിവുകൾ അന്തിമമാക്കി ഉത്തരവാകുന്നത് - സംബന്ധിച്ച്.

വായന :-

1. ലാന്റ് റവന്യൂ കമ്മീഷണറുടെ 15.02.2005 ലെ എൽ.ആർ.റ്റി(3)-38883/04 നമ്പർ നടപടിക്രമം
2. ലാന്റ് റവന്യൂ കമ്മീഷണറുടെ 06.08.2012 ലെ എൽ.ആർ.റ്റി(3)-5050/2009 നമ്പർ നടപടിക്രമം.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 22.09.12 ലെ എസ്7-43543/12 നമ്പർ കത്ത്.
4. കൊല്ലം ജില്ലാ കളക്ടറുടെ 22.09.12 ലെ എ7-3457/12 നമ്പർ കത്ത്.
5. പത്തനംതിട്ട ജില്ലാ കളക്ടറുടെ 29.09.12 ലെ എസ്2-623/09 നമ്പർ കത്ത്.
6. ഇടുക്കി ജില്ലാ കളക്ടറുടെ 01.10.12 ലെ എ1-6897/12 നമ്പർ കത്ത്.
7. എറണാകുളം ജില്ലാ കളക്ടറുടെ 30.10.12 ലെ ഇ1-04/12 നമ്പർ കത്ത്.
8. തൃശ്ശൂർ ജില്ലാ കളക്ടറുടെ 19.09.12 ലെ എ2-11773/12 നമ്പർ കത്ത്.
9. മലപ്പുറം ജില്ലാ കളക്ടറുടെ 16.10.12 ലെ എ4-55721/10 നമ്പർ കത്ത്.
10. പാലക്കാട് ജില്ലാ കളക്ടറുടെ 29.10.12 ലെ എസ്3-2012/62/9 നമ്പർ കത്ത്
11. കോഴിക്കോട് ജില്ലാ കളക്ടറുടെ 19.09.12 ലെ എ5-4449/12 നമ്പർ കത്ത്.
12. വയനാട് ജില്ലാ കളക്ടറുടെ 21.09.12 ലെ എ1-2012/1932/12 നമ്പർ കത്ത്.
13. കണ്ണൂർ ജില്ലാ കളക്ടറുടെ 20.09.12 ലെ എ1-2012/4015 നമ്പർ കത്ത്.
14. കാസറഗോഡ് ജില്ലാ കളക്ടറുടെ 24.09.12 ലെ എ2-02/12 നമ്പർ കത്ത്.
15. ആലപ്പുഴ ജില്ലാ കളക്ടറുടെ 25.09.12 ലെ എ1-3076/12 നമ്പർ കത്ത്.
16. കോട്ടയം ജില്ലാ കളക്ടറുടെ 20.09.12 ലെ എ4-2765/12 നമ്പർ കത്ത്.

01.07.2004 മുതൽ 31.12.2008 വരെയുള്ള യു.ഡി.സി/എസ്.വി.ഒ തസ്തികയിലെ ഒഴിവുകളുടെ വിവരങ്ങൾ വായന (2) പ്രകാരം ജീവനക്കാർക്കുള്ള ആക്ഷേപങ്ങളും

അവകാശവാദങ്ങളും ഉന്നയിക്കുന്നതിന് അവസരം നൽകികൊണ്ട് താൽകാലികമായി പ്രസിദ്ധപ്പെടുത്തിയിരുന്നു. ആയതിനെതിരായി ജീവനക്കാർ ആരും തന്നെ ആക്ഷേപമുന്നയിച്ചിട്ടില്ല എന്ന് വായന (3) മുതൽ (14) വരെയുള്ള കത്തുകൾ പ്രകാരം ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ (15), (16) വായനകൾ പ്രകാരം ആലപ്പുഴ, കോട്ടയം ജില്ലകളിൽ 4 വീതം ഒഴിവുകൾ മുൻപ് റിപ്പോർട്ട് ചെയ്യുവാൻ വിട്ടു പോയിരുന്നത്, ഒഴിവുകളെ സംബന്ധിച്ച വിവരങ്ങൾ സഹിതം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

2) ജില്ലാകളക്ടർ / ആഫീസ് മേലധികാരികൾ റിപ്പോർട്ട് ചെയ്ത ഒഴിവ് വിവരങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ സൂചന (2) പ്രകാരമുള്ള താത്ക്കാലിക ഒഴിവ് പട്ടിക, ഓരോ ജീവനക്കാരുടെയും സേവന വിവരങ്ങൾ രേഖപ്പെടുത്തി ബന്ധപ്പെട്ട ജില്ലാകളക്ടർ/ ആഫീസ് മേലധികാരികൾ സമർപ്പിച്ച സർവീസ് കാർഡിലെ വിവരങ്ങളുമായി ഒത്തു നോക്കിയതിൽ 132 ജീവനക്കാർ കൂടി 01/07/04 മുതൽ 31/12/2008 വരെയുള്ള കാലയളവിൽ വകുപ്പിൽ നിന്നും UDC/SVO കേഡറിൽ വിരമിച്ചിട്ടുള്ളതായി/സേവനം അവസാനിപ്പിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളതാണ്.

3) ഒഴിവുകൾ നിർണ്ണയിക്കുന്നതിന് അടിസ്ഥാനമാക്കിയ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :-

1. *യു.ഡി.സി/എസ്.വി.ഒ തസ്തികയിൽ നിന്നും എച്ച്.സി/ആർ.ഐ/വി.ഒ തസ്തികയിലേക്ക് സ്ഥാനക്കയറ്റങ്ങൾ നൽകിയത് മൂലമുണ്ടായ ഒഴിവുകൾ.*
2. *സർവ്വീസിൽ നിന്നും വിരമിക്കൽ, മരണം, രാജിവക്കൽ,ഡിപ്പാർട്ട്മെന്റ് വിട്ടുപോകൽ എന്നിവ മൂലമുണ്ടായ ഒഴിവുകൾ.*
3. *പുതുതായി തസ്തികകൾ സൃഷ്ടിച്ചത് മൂലമുണ്ടായ ഒഴിവുകൾ.*
4. *6-മാസത്തിൽ കുറയാത്ത കാലയളവിലുള്ള ശൂന്യവേതന അവധി മൂലമുണ്ടായ ഒഴിവുകൾ.*
5. *എച്ച്.സി/ആർ.ഐ/വി.ഒ തസ്തികയിൽ നിന്നുള്ള തരംതാഴ്ത്തൽ, ഓഫീസുകൾ നിറുത്തലാക്കൽ, ശൂന്യവേതന അവധിയിലായിരുന്നവർ അവധി കഴിഞ്ഞ്/അവധി റദ്ദാക്കി തിരികെ ജോലിയിൽ പ്രവേശിക്കൽ എന്നിവമൂലം യു.ഡി.സി/എസ്.വി.ഒ തസ്തികയിൽ വന്ന കുറവുകൾ തുടർന്നുവന്ന ഒഴിവുകളിൽ ക്രമീകരിക്കുക.*

4) മേൽ വിവരിച്ച മാനദണ്ഡങ്ങളനുസരിച്ച് താൽകാലിക പട്ടികയിൽ ഉൾപ്പെടുത്തിയിരുന്ന ഒഴിവുകളോടൊപ്പം (3), (4) വായനകൾ പ്രകാരം റിപ്പോർട്ട് ചെയ്ത ഒഴിവുകളും ജില്ലാകളക്ടർമാർ/ആഫീസ് മേലധികാരികൾ റിപ്പോർട്ട് ചെയ്യുവാൻ വിട്ടുപോയതായി കണ്ടെത്തിയ മേൽ ഖണ്ഡിക 2-ൽ പരാമർശിച്ച പ്രകാരമുള്ള 132 ഒഴിവുകളും കൂടി ഉൾപ്പെടുത്തി 01.07.2004 മുതൽ 31.12.2008 വരെയുള്ള കാലയളവിൽ യു.ഡി.സി/എസ്.വി.ഒ തസ്തികയിലെ ആകെ ഒഴിവുകൾ അനുബന്ധ പട്ടികയിൽ ചേർത്ത പ്രകാരം 2564 (രണ്ടായിരത്തി അഞ്ഞൂറ്റി അറുപത്തിനാല്) ആയി നിർണ്ണയിച്ച് അന്തിമമക്കി ഉത്തരവാകുന്നു.

**<u>ഒഴിവുകളുടെ വർഷം തിരിച്ചുള്ള വിവരം</u>**

| | | | |
|---|---|---|---|
| 2004 | - | 388 | (01.07.04 to 31.12.2004) |
| 2005 | - | 497 | |
| 2006 | - | 562 | |
| 2007 | - | 720 | |
| 2008 | - | 397 | |
| ആകെ | - | 2564 | |

5) ജില്ലാ കളക്ടർമാർ/ആഫീസ് മേധാവികൾ ഈ ഉത്തരവ് ജീവനക്കാർക്കിടയിൽ പരസ്യപ്പെടുത്തേണ്ടതും പരസ്യപ്പെടുത്തിയ വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)
കമ്മീഷണർ.

ഉള്ളടക്കം
1. ഒഴിവുകളുടെ സംഗ്രഹം (അനുബന്ധം I )
2. ഒഴിവുകളുടെ ജില്ലഅടിസ്ഥാനത്തിലുള്ള പട്ടിക (അനുബന്ധം II)
3. ഒഴിവുകളുടെ തീയതി അടിസ്ഥാനത്തിലുള്ള പട്ടിക (അനുബന്ധം III)

എല്ലാ ജില്ലാകളക്ടർമാർക്കും (ജീവനക്കാർക്കിടയിൽ പരസ്യപ്പെടുത്തുന്നതിലേക്ക് )

പകർപ്പ്
1) പ്രിൻസിപ്പൽ സെക്രട്ടറി, റവന്യ വകുപ്പ് (ആമുഖ കത്ത് സഹിതം)
2) സെക്രട്ടറി, ലാന്റ് ബോർഡ്
3) ഡയറക്ടർ, സർവ്വേ & ലാന്റ് റിക്കാർഡ്സ്
4) കമ്മീഷണറുടെ സി.എയ്ക്ക്
5) ജോയിന്റ് കമ്മീഷണറുടെ സി.എയ്ക്ക്
6) അസിസ്റ്റന്റ് കമ്മീഷണർ (ആർ.ഇ)
7) അസിസ്റ്റന്റ് കമ്മീഷണർ (എൽ.എ) & നോഡൽ ഓഫീസർ (ഐ.റ്റി സെൽ)
(വെബ്-സൈറ്റിൽ പരസ്യപ്പെടുത്തുന്നതിലേക്ക്)

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്